LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5-4-1997-ലെ 18/97/വിജി.നമ്പർ സർക്കാർ ഉത്തരവുപ്രകാരം വിജിലൻസ് അന്വേഷണങ്ങൾ താഴെപ്പറയുന്ന പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ട് :

1.	വിജിലൻസ് അന്വേഷണം	3 മാസം
2.	ട്രാപ്പ് കേസ്സുകൾ	3 "
3.	സ്വത്ത് സമ്പാദന കേസ്സുകൾ	12 "
4.	മറ്റ് വിജിലൻസ് കേസ്സുകൾ	6 "
5.	വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണങ്ങൾ	6 "

ഇതുകൂടാതെ രഹസ്യാന്വേഷണങ്ങൾ 15 ദിവസത്തിനകവും സത്വര പരിശോധനകൾ 45 ദിവസത്തിനകവും പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിജിലൻസ് കേസ്സുകളും വിജിലൻസ് അന്വേഷണങ്ങളും മേൽ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിച്ചിട്ടുണ്ട്. ഒരു വിജിലൻസ് കോടതികൂടി രൂപീകരിക്കുന്നകാര്യം പരിശോധനയിലാണ്.

രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകൾ

77 (1547) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ അന്വേഷണം സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 724 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.